ഉത്തരം

കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിലെ ക്ളാർക്ക്/കാഷ്യർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ 6-7-2010-ന് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മണലൂർ നിയോജകമണ്ഡലത്തിലെ ത്രിവേണി സൂപ്പർ മാർക്കറ്റ്

29 (4084) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽ കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സൂപ്പർമാർക്കറ്റ് ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുമോ ;

(സി) സൂപ്പർ മാർക്കറ്റ് എന്ന് പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മണലൂർ നിയോജകമണ്ഡലത്തിൽ 'വെങ്കിടങ്ങിൽ' സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. രണ്ടു മാസത്തിനുള്ളിൽ സൂപ്പർ മാർക്കറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കേപ്പ്-ന്റെ കീഴിൽ നിയോജക മണ്ഡലങ്ങളിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

30 (4085) ശ്രീ. കെ. വി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'കേപ്പിന്റെ' കീഴിൽ ഒരു നിയോജക മണ്ഡലത്തിൽ ഒരു പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുവാൻ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) പദ്ധതി നടപ്പിലാക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 'കേപ്'-ന്റെ കീഴിൽ ഒരു നിയോജകമണ്ഡലത്തിൽ ഒരു പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ സഹകരണ വകുപ്പ് പ്രഖ്യാപിച്ച 'സഹകരണ നവരത്നം കേരളീയം' എന്ന ഒൻപതിന കർമ്മ പരിപാടിയിലെ 'സഹകരണ വിദ്യാഭ്യാസം കേരളീയം' എന്ന

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ അസംബ്ളി നിയോജക മണ്ഡലത്തിലും സഹകരണസംഘങ്ങൾ/ബാങ്കുകളുടെ നേതൃത്വത്തിൽ ഓരോ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിനായി പ്രത്യേക ആനുകൂല്യങ്ങൾ നൽകുവാനുള്ള പദ്ധതികൾ ഒന്നും തന്നെ പരിഗണനയിൽ ഇല്ല.

(ബി) ഈ പദ്ധതി പ്രകാരം പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ സംസ്ഥാന കൊളീജിയറ്റ് എജ്യൂക്കേഷണൽ ഡയറക്ടർമാർക്കാണ് നൽകേണ്ടത്. ഇതിലേയ്ക്കായി സർക്കാർ, ഉന്നത വിദ്യാഭ്യാസ വകുപ്പ്, കൊളീജിയറ്റ് എജ്യൂക്കേഷണൽ ഡയറക്ടറേറ്റ് (കോളേജ് വിദ്യാഭ്യാസ വകുപ്പ്) എന്നിവർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. സഹകരണ വകുപ്പ് തലത്തിൽ ആവശ്യമായിട്ടുള്ള ഭരണാനുമതിക്ക് അതാത് ജില്ലകളിലെ സഹകരണ വകുപ്പ് അധികാരികൾ മുഖേന അപേക്ഷ സമർപ്പിച്ചാൽ മതിയാകും.

കേപ്പിന് കീഴിൽ ലോ കോളേജ്

31 (4086) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേപ്പിന് കീഴിൽ പുന്നപ്രയിൽ ഒരു സഹകരണ ലോ കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പരിഗണിക്കാവുന്നതാണ്.

കോഴിക്കോട് ജില്ലയിൽ ആരംഭിച്ച പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

32 (4087) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയിൽ കോഴിക്കോട് ജില്ലയിൽ ആരംഭിച്ച പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) 'കേപ്പിന്റെ' ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയിൽ കോഴിക്കോട് ജില്ലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly